ഉത്തരം

(എ) ആദിവാസികളിൽ വാണിജ്യ വ്യവസായ പ്രവർത്തനങ്ങളിലൂടെ ഉപജീവനം നടത്തുന്നവർ വളരെ പരിമിതമാണ്. എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഉണ്ട്. ചെറിയ കച്ചവടം, സ്വയംതൊഴിൽ എന്നിവ ചെയ്യുന്നതിന് പട്ടികവർഗ്ഗക്കാർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നു.

(ഡി) ചെറിയ കച്ചവടം, സ്വയം തൊഴിൽ എന്നിവ ചെയ്യുന്നതിന് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയിൽ ഇതുവരെ 113 പട്ടികവർഗ്ഗക്കാർക്ക് 10,000 രൂപ വീതം നൽകിയിട്ടുണ്ട്.

(ഇ) സ്വയം പര്യാപ്തത നേടിയിട്ടുള്ളവർ വളരെ വിരളമാണ്.

ആദിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുവാൻ നടപടി

117 [1803] ശ്രീ. ജോർജ്ജ് ജെ. മാത്യു:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പി. ജെ. ജോയി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളും ആദിവാസികളുമുണ്ട്;

(ബി) ഇവരിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ എത്ര പേരുണ്ട്;

(സി) ആദിവാസികൾ താമസിക്കുന്ന എത്ര സെറ്റിൽമെന്റുകളുണ്ട്;

(ഡി) ഈ സെറ്റിൽമെന്റുകളുടെ ഉടമസ്ഥത അവിടെ താമസിക്കുന്ന ആദിവാസികൾക്കുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആദിവാസികൾ താമസിക്കുന്ന സെറ്റിൽമെന്റുകളിൽ ഓരോ കുടുംബത്തിന്റേയും കൈവശമുള്ള ഭൂമി അവരുടെ പേരിൽ പതിച്ചുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1991-ലെ ജനസംഖ്യാ കണക്ക് പ്രകാരം സംസ്ഥാനത്ത് 83,000-ൽ അധികം ആദിവാസി കുടുംബങ്ങളും 3,20,967 ആദിവാസികളും ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 22,052 ഭൂരഹിത ആദിവാസികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 1991-ലെ ജനസംഖ്യാ കണക്കുകൾ അനുസരിച്ച് ഏതാണ്ട് 4,082 സങ്കേതങ്ങളിലായാണ് ആദിവാസികൾ താമസിക്കുന്നത്.

(ഡി) എല്ലാവർക്കും ഇല്ല. പാരമ്പര്യമായി വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ താമസിച്ചു വരുന്ന ആദിവാസി കുടുംബങ്ങൾക്ക് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിലേക്കായി കൈവശരേഖ നൽകുന്നുണ്ട്.

(ഇ) ഓരോ കുടുംബത്തിന്റെയും കൈവശമുള്ള ഭൂമി ഏതാണെന്ന് അറിഞ്ഞതിനുശേഷമേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ഇടുക്കി ജില്ലയിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമി

118 [1804] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. മുരളി:
" വി. ബാലറാം:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആദിവാസികൾക്ക് കൊടുത്ത ഭൂമിയിൽ ആദിവാസികൾ അല്ലാത്തവർ പങ്കുകൃഷി നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർ എന്ന് വിശദീകരിക്കുമോ;

(സി) പങ്കുകൃഷിയുടെ പേരിൽ പ്രസ്തുത ഭൂമി ഇവർ തട്ടിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഭൂമി ആദിവാസികൾക്ക് തിരികെ നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly